**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2556 — 12.02.2019 ലെ മറുപടിയ്ക്ക്.

**പട്ടികജാതി വിഭാഗക്കാർക്ക് ആനുകൂല്യങ്ങൾ ലഭിക്കാനുള്ള കാലതാമസം**

| | ചോദ്യം<br>ശ്രീ.എ.പി. അനിൽ കുമാർ : | | ഉത്തരം<br>എ. കെ. ബാലൻ<br>പട്ടിക ജാതി - പട്ടിക വർഗ്ഗ പിന്നോക്ക സമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |
|---|---|---|---|
| (എ) | നടപ്പ് സാമ്പത്തിക വർഷം പട്ടികജാതി വിഭാഗക്കാർക്ക് ആനുകൂല്യങ്ങൾ യഥാസമയം ലഭിക്കാതെ പ്രയാസമനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | നടപ്പ് സാമ്പത്തിക വർഷം പഠനമുറി, ഭവന നിർമ്മാണം എന്നീ പദ്ധതികളിൽ നിർമ്മാണം പൂർത്തീകരിക്കാത്തവർ എത്ര പേരുണ്ട്; അവർക്ക് നൽകാൻ കുടിശ്ശികയായ തുക എത്ര; പ്രസ്തുത പദ്ധതികളിൽ എന്നുമുതൽ തുക കുടിശ്ശികയായിട്ടുണ്ട്;വിശദമാക്കുമോ; | (ബി) | നടപ്പുവർഷം അനുവദിച്ച 5000 പഠനമുറികളിൽ 60 എണ്ണം പൂർത്തീകരിച്ചിട്ടുണ്ട്. 4940 പഠനമുറികളിൽ 3173 പേർക്ക് ഒന്നാം ഗഡുവും, 950 പേർക്ക് രണ്ടാം ഗഡുവും, 388 പേർക്ക് മൂന്നാം ഗഡുവും അനുവദിച്ച് നൽകിയിട്ടുണ്ട്. 2017-18 വർഷം സ്പിൽ ഓവർ ആയ പഠനമുറികൾക്ക് തുക അനുവദിക്കുന്നതിനാൽ തുക കുടിശ്ശികയായി അവശേഷിക്കുന്നില്ല. ഭവന നിർമ്മാണ ധനസഹായ പദ്ധതിപ്രകാരം നടപ്പ് വർഷം പുതിയ വീടുകൾ അനുവദിക്കുന്നില്ല. സ്പിൽ ഓവർ വീടുകൾക്ക് തുക അനുവദിക്കുന്നുണ്ട്. വിവിധ കാലയളവുകളിൽ (2007-08 മുതൽ 2017-18 വരെ) അനുവദിച്ച 98152 വീടുകളിൽ 15403 വീടുകൾ ഇനിയും പൂർത്തീകരിക്കാൻ അവശേഷിക്കുന്നു. തുക കുടിശ്ശികയായി അവശേഷിക്കുന്നില്ല. |
| (സി) | 2018-19 വർഷത്തിൽ ഭൂമി വാങ്ങൽ പദ്ധതി പ്രകാരം എത്ര പേർക്ക് ഭൂമി വാങ്ങുന്നതിനു ധനസഹായം നൽകിയിട്ടുണ്ട്;വ്യക്തമാക്കുമോ? | (സി) | 2018-19 സാമ്പത്തിക വർഷം ഭൂമി വാങ്ങൽ പദ്ധതി പ്രകാരം 3096 കുടുംബങ്ങൾക്ക് ഭൂമി വാങ്ങുന്നതിനായി ധനസഹായം അനുവദിച്ച് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ